പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 188

# 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

324/2019.

# 2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് ഉച്ചഭാഷിണി വെളിച്ച സംവിധാന മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും ന്യായമായ വേതനവും തൊഴിൽ സുരക്ഷയും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്താൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഉച്ചഭാഷിണി, വെളിച്ച സംവിധാനം ഒരുക്കൽ, വിവാഹം, മരണം, അടിയന്തര ചടങ്ങുകൾ, പൊതുയോഗങ്ങൾ, വാഹനങ്ങളിൽ കൂടിയുള്ള പ്രചരണം, വിവാഹങ്ങൾക്കും മറ്റ് ഉപയോഗങ്ങൾക്കുമായി കസേര, മേശ, പാത്രങ്ങൾ എന്നിവ നൽകൽ, പന്തലുകളുടെയും കമാനങ്ങളുടെയും ഒരുക്കൽ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ അവർക്കും ആശ്രിതർക്കും ആരോഗ്യപരിരക്ഷയോ ഇല്ലാത്തതുമൂലം അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ടിന് '2019-ലെ കേരള ഉച്ചഭാഷിണി വെളിച്ച സംവിധാന തൊഴിലാളി ക്ഷേമനിധി ആക്ട്' എന്ന് പേര് പറയാം;

(2) ഈ ആക്ടിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—(1) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(2) 'തൊഴിലാളി' എന്നാൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കൽ, വെളിച്ച സംവിധാനം ഒരുക്കൽ, പാചകാവശ്യങ്ങൾക്കുള്ള പാത്രങ്ങൾ നൽകൽ, യോഗങ്ങൾക്കാവശ്യമായ കസേര, മേശ എന്നിവ നൽകൽ, പന്തൽ, കമാനങ്ങൾ എന്നിവ ഒരുക്കൽ എന്നീ മേഖലയിൽ തൊഴിൽ ചെയ്യുന്ന ആൾ എന്ന് അർത്ഥമാകുന്നു;

(3) 'വിജ്ഞാപനം' എന്നാൽ, ഈ ആക്ട് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) 'വകുപ്പ്' എന്നാൽ, ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു;

(5) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്ന് അർത്ഥമാകുന്നു;

(6) 'ക്ഷേമനിധി' എന്നാൽ പ്രസ്തുത ഉദ്ദേശ ലക്ഷ്യ' നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു ക്ഷേമനിധി എന്നർത്ഥമാകുന്നു;

(7) 'ക്ഷേമനിധി ബോർഡ്' എന്നാൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കൽ, വെളിച്ച സംവിധാനം ഒരുക്കൽ, പാചക ആവശ്യങ്ങൾക്കുള്ള പാത്രങ്ങൾ നൽകൽ പന്തലുകളുടെയും കമാനങ്ങളുടെയും ഒരുക്കൽ എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കും വേണ്ടിയുള്ളതായ നടപടികൾ ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്ന് അർത്ഥമാകുന്നു;

(8) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്ന് അർത്ഥമാകുന്നു.

3. ക്ഷേമനിധി ബോർഡ് രൂപീകരണം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി 'ഉച്ചഭാഷിണി വെളിച്ച സംവിധാന ക്ഷേമനിധി ബോർഡ്' എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്;

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) ചെയർമാൻ;

(ബി) തൊഴിൽ/സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിമാർ;

(സി) കാര്യനിർവ്വഹണത്തിനുള്ള ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;

(ഡി) പ്രവൃത്തി പരിചയമുള്ള രണ്ട് തൊഴിലാളി പ്രതിനിധികൾ;

(ഇ) സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ട് പ്രതിനിധികൾ.

4. ബോഡിന്റെ പ്രവർത്തനം.—(1) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്;

(2) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ഓഫീസറുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ, നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള സർക്കാർ നോമിനേറ്റ് ചെയ്ത മറ്റംഗങ്ങൾ എന്നിവർ ജില്ലാ സമിതിയിൽ അംഗങ്ങൾ ആയിരിക്കും;

(3) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കാൻ സാദ്ധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ സമിതി പരിഹരിക്കേണ്ടതാണ്;

(4) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

5. ബോഡിന്റെ കർത്തവ്യങ്ങൾ.—(1) വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന മെമ്പർമാരായ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ, മരണാനന്തര സഹായം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക;

(2) തൊഴിൽ മേഖലയിൽ എല്ലാ മെമ്പർമാർക്കും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

(3) ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെ നിന്നുണ്ടായാലും അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിലുള്ള ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും;

(4) മെമ്പർമാരായ തൊഴിലാളികളുടെ പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, കുടുംബാംഗങ്ങളുടെ ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകി അവതരിപ്പിക്കുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുക;

(5) തൊഴിലാളികളായി പ്രവർത്തിക്കുന്നവരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിഹിതം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സ്വരൂപിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റ് സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെയായിരിക്കണം ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളിലുള്ള പ്രവർത്തനം നടത്തേണ്ടത്;

(6) ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ ആയിരക്കണക്കിന് ആളുകൾ ഉച്ചഭാഷണികളുടെയും വെളിച്ച സംവിധാനങ്ങളുടെയും ഏർപ്പെടുത്തൽ മേഖലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വിവാഹം, മരണം, അടിയന്തരചടങ്ങുകൾ, പൊതുയോഗങ്ങൾ, വാഹനങ്ങളിൽ കൂടിയുള്ള പ്രചരണം എന്നിങ്ങനെയുള്ള വിവിധ മേഖലകളിലെ ആവശ്യങ്ങൾക്കായി ഉച്ചഭാഷിണികളുടെ പ്രവർത്തിപ്പിക്കൽ, വെളിച്ച സംവിധാനങ്ങൾ ഏർപ്പെടുത്തൽ, വിവാഹങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമായി പാത്രങ്ങൾ നൽകൽ, എന്നീ മേഖലകളിൽ ഇത്തരം തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഇത്തരം തൊഴിലാളികൾക്ക് ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ ലഭിക്കുന്നില്ല. ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമസംവിധാനങ്ങൾ ഒന്നും നിലവിലില്ല. ഇവരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും സമൂഹത്തിനും സർക്കാരിനും ബാദ്ധ്യതയുള്ളതിനാൽ ഇവരുടെ ഉന്നമനത്തിനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ടത് ആവശ്യമാണ്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങളും അത് സംബന്ധിച്ച് ഉളവാക്കുന്ന മറ്റുപ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്രമാത്രം സാമ്പത്തിക ബാദ്ധ്യത വരും എന്ന് കണക്കാക്കാൻ കഴികയുള്ളു. എന്നിരുന്നാലും പ്രാരംഭ നടപടികൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതും സഭയ്ക്ക് അത് അംഗീകരിക്കുവാനോ ഭേദഗതി ചെയ്യുവാനോ റദ്ദു ചെയ്യുവാനോ ഉള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണ കാര്യങ്ങളെ സംബന്ധിക്കുന്നതോ ആയതിനാൽ സാധാരണ സ്വഭാവത്തിലുള്ളതാണ്.

വി. പി. സജീന്ദ്രൻ, എം. എൽ. എ.